**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

2026 ഒക്ടോബർ 28, ബുധൻ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടികജാതി, പട്ടികവർഗ്ഗ – പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി**

**വനം, വന്യജീവി – നൈപുണ്യ വികസന വകുപ്പ് മന്ത്രി**

**ജലവിഭവ – ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം – സാമൂഹ്യനീതി വകുപ്പ് മന്ത്രി**

**<u>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകുന്ന വനഭൂമി</u>**

***211 ശ്രീ. ടി. പി. അഷ്റഫലി**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ശ്രീ. കല്ലട മാഹിൻ**

**ശ്രീ. ഫൈസൽ ബാബു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വനം വകുപ്പിന്റെ ഭൂമി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പാട്ടത്തിന് നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

**(ബി)** പാട്ടക്കാലാവധിക്കുശേഷം പ്രസ്തുത ഭൂമി തിരിച്ചുപിടിക്കാറുണ്ടോ; അത്തരത്തിൽ തിരിച്ചുപിടിക്കാനുള്ള ഭൂമിയുടെ വിശദാംശം ലഭ്യമാക്കുമോ;

**(സി)** പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കാൻ കഴിയുന്നില്ലെങ്കിൽ പാട്ടക്കരാർ പുതുക്കാൻ നടപടി സ്വീകരിക്കുമോ?

**കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

*212 **ശ്രീ. വി. കുഞ്ഞികൃഷ്ണൻ**
**ശ്രീ. വിഷ്ണു മോഹൻ**
**ശ്രീ. ഉല്ലാസ് കോവൂർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ;

**(ബി)** കുടിവെള്ള പദ്ധതികൾ അനിശ്ചിതമായി നീട്ടികൊണ്ടുപോകുന്നതു മൂലം നിർമ്മാണ ചെലവ് വലിയ തോതിൽ വർദ്ധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**(സി)** കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി റോഡുകൾ വെട്ടിപ്പൊളിക്കുന്നതും പണി പൂർത്തിയായ ശേഷം റോഡുകൾ യഥാസമയം ടാർ ചെയ്ത് പുനഃസ്ഥാപിക്കാത്തതും മൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതം പരിഹരിക്കാൻ ജലവിഭവ വകുപ്പും പൊതുമരാമത്ത് വകുപ്പും (പി.ഡബ്ല്യു.ഡി) തമ്മിൽ സംയുക്തമായ ഏകോപന സംവിധാനം ഉണ്ടാക്കുമോ; വ്യക്തമാക്കുമോ?

**ജലസേചന പദ്ധതികൾ**

*213 **ശ്രീ. സുധീർഷാ പാലോട്**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. രാജൻ. ജെ. പല്ലൻ**
**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ജലസേചന പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കി കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനും അവയുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിനും പരിശോധനകൾ നടത്താറുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

**(ബി)** ജലസേചന പദ്ധതികളുടെ പരിപാലനത്തിൽ തദ്ദേശസ്ഥാപനങ്ങളുടെയും കർഷക കൂട്ടായ്മകളുടെയും പങ്കാളിത്തം

ഉറപ്പാക്കുന്നതിനും ജലം പാഴാകുന്നത് കുറച്ച് പരമാവധി കൃഷിഭൂമിയിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും സമഗ്രമായ കർമ്മ പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

**(സി)** വരൾച്ച ഏറ്റവും കൂടുതൽ സാധാരണയായി അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് ഇക്കാര്യത്തിൽ പ്രഥമ പരിഗണന നൽകി പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കാൻ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുമോ; വ്യക്തമാക്കാമോ?

## കെ.എഫ്.ഡി.സി.യുടെ വർക്കേഷൻ സൗകര്യങ്ങൾ

***214** **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ജയന്ത്**
**ശ്രീമതി ഉഷ വിജയൻ**
**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** ഷോല എന്ന ബ്രാൻഡിന് കീഴിൽ കെ.എഫ്.ഡി.സി.(കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ) നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

**(ബി)** പണം തടസ്സമാകാതെ യാത്രകൾ പോകാൻ യാത്രാ പ്രേമികൾക്ക് വായ്പാ സൗകര്യമൊരുക്കാൻ കെ.എഫ്.ഡി.സി. തയ്യാറാക്കുന്ന 'ട്രാവൽ ടുഡേ, പേ ടുമാറോ'എന്ന പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

**(സി)** പ്രവൃത്തിദിനങ്ങളിലും കൂടുതൽ പേരെ യാത്രകൾക്ക് പ്രേരിപ്പിക്കുന്നതിന് ഗവി, സൂര്യനെല്ലി എന്നിവിടങ്ങളിൽ താമസിച്ച് ജോലി ചെയ്യുന്നതിനുള്ള വർക്കേഷൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോയെന്നും വർക്കേഷൻ ബുക്കിങ്ങിനായി വായ്പാ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിയുമോയെന്നും വിശദമാക്കുമോ?

## മനുഷ്യ-വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള സഹായം

***215** **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി. പി. സുമോദ്**

**ശ്രീ. കെ. യു. ജനീഷ് കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മനുഷ്യ–വന്യജീവി സംഘർഷങ്ങളിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**(ബി)** വന്യജീവി ആക്രമണങ്ങളിൽ അംഗവൈകല്യം സംഭവിച്ച് ഉപജീവനമാർഗം നഷ്ടപ്പെടുന്നവർക്ക് തുടർസഹായം നൽകുന്നതിനായി പദ്ധതി നടപ്പാക്കുമോ; വിശദമാക്കാമോ;

**(സി)** വന്യജീവി ആക്രമണങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് നടപ്പാക്കിയിട്ടുള്ള ഹ്രസ്വ-ദീർഘകാല പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**(ഡി)** വനമേഖലകളുടെ വന്യമൃഗവാഹകശേഷി സംബന്ധിച്ച് പഠനം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

## <u>മത്സ്യബന്ധന മേഖല</u>

***216** **ശ്രീ. പി. പി. സുമോദ്**

**ശ്രീ. സജി ചെറിയാൻ**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. പി. കെ. പ്രവീൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള കിറ്റുകൾ സബ്സിഡിയോടെ നൽകുന്ന മുൻ സർക്കാരിന്റെ പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ;

**(ബി)** മരത്തടിയിൽ നിർമ്മിച്ച പരമ്പരാഗത യാനങ്ങളെ സ്റ്റീൽ നിർമ്മിതമായ യന്ത്രവൽകൃത യാനങ്ങളാക്കി നവീകരിക്കുന്നതിനായി മുൻ സർക്കാർ അനുവദിച്ച 50% സബ്സിഡി പുതിയ അപേക്ഷകർക്കും നൽകാൻ തയ്യാറാകുമോ;

(സി) കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന 13.02 കോടി രൂപയുടെ പദ്ധതി തിരുവനന്തപുരം ഒഴികെയുള്ള മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള തുടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മത്സ്യബന്ധന മേഖലയ്ക്ക് യാതൊരു പരിഗണനയും ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>മനുഷ്യ-വന്യജീവി സംഘർഷം</u>

*217 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. കെ. എൻ. ബാലഗോപാൽ**

**ശ്രീ. കെ. കെ. രാമചന്ദ്രൻ**

**ശ്രീ. ജി. സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിച്ചുകൊണ്ട് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ഓരോ പ്രദേശത്തെയും വന്യജീവികളുടെ സാന്നിദ്ധ്യം കണ്ടെത്തി അതിനനുസൃതമായ പ്രതിരോധമാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നത് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാൻ സഹായിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വനമേഖലയോട് ചേർന്ന പ്രദേശങ്ങളിൽ മതിയായ റോഡ്, തെരുവ് വിളക്ക്, മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിവ ഇല്ലാത്തതുമൂലം വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കാൻ കഴിയാതെ പോകുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>അമൃത് 2.0 കുടിവെള്ള പദ്ധതി</u>

*218 **ശ്രീ. മുഹമ്മദ് ഷിയാസ്**

**ശ്രീ. വി. ടി. ബൽറാം**

**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**

**ശ്രീ. ദീപക് ജോയ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** അമൃത് 2.0 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ എല്ലാ കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും കുടിവെള്ള പൈപ്പ്ലൈൻ ശൃംഖല വിപുലീകരിക്കുന്നതിനും ഇതുവരെ കുടിവെള്ള കണക്ഷൻ ലഭിക്കാത്ത കുടുംബങ്ങൾക്ക് കണക്ഷൻ നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**(ബി)** പദ്ധതിയുടെ ഭാഗമായി പുതിയ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ ശേഷി വർധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(സി)** പദ്ധതികൾ നടപ്പിലാക്കുന്നതിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ, റോഡ് വെട്ടിപ്പൊളിക്കാനുള്ള അനുമതി, ഭൂമി ലഭ്യത തുടങ്ങിയവയുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(ഡി)** പദ്ധതിയുടെ ഭാഗമായി അനുവദിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിന് നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

**(ഇ)** കുടിവെള്ള വിതരണത്തിന്റെ ഗുണനിലവാരവും തുടർച്ചയും ഉറപ്പാക്കുന്നതിനും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്ന നഗരപ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വനിതാ മത്സ്യത്തൊഴിലാളികൾക്കായുള്ള പദ്ധതികൾ

*219 **ശ്രീ. കല്ലട മാഹിൻ**

**ശ്രീ. പി .എം. എ. സമീർ**

**ശ്രീ. സി. കെ. കാസിം**

**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മത്സ്യത്തൊഴിലാളി വനിതകളെ സംരംഭകരാക്കി അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** ഈ പദ്ധതിയുടെ ഭാഗമായി വനിതാ മത്സ്യത്തൊഴിലാളികൾക്ക് ഇലക്ട്രിക്ക് സ്കൂട്ടറുകൾ വിതരണം ചെയ്തിട്ടുണ്ടോ;

**(സി)** വനിതാ മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കി സാമ്പത്തിക ഭദ്രത കൈവരിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## വനാശ്രിത ജനവിഭാഗങ്ങളുടെ ക്ഷേമപദ്ധതികളും വനവികസന പദ്ധതികളും

***220** **ശ്രീ. ടി. എം. ശശി**
**ശ്രീ. വി. കെ. സനോജ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. എം. വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വനത്തിനകത്ത് താമസിക്കുന്നവരെ സ്വയം സന്നദ്ധതയോടെ മാറ്റിത്താമസിപ്പിക്കാൻ മുൻ സർക്കാർ ആവിഷ്കരിച്ച നവകിരണം പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

**(ബി)** വനാശ്രിത ഗോത്ര വിഭാഗങ്ങളിലെ വിദ്യാർഥിനികൾക്കായി ആരംഭിച്ച സൃഷ്ടി സ്കോളർഷിപ്പ്, ഗോത്രസമൂഹത്തിന്റെ അറിവുകൾ ശേഖരിക്കുന്ന ഗോത്രഭേരി, പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്ന നറും നൂറ് എന്നീ പദ്ധതികൾ നിലവിലെ സർക്കാർ തുടരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

**(സി)** മുൻ സർക്കാർ ആരംഭിച്ച കോട്ടൂർ ആന പുനരധിവാസ കേന്ദ്രം, തൃശ്ശൂർ സുവോളജിക്കൽ പാർക്ക് തുടങ്ങിയ ബൃഹത്തായ പദ്ധതികളുടെ നിർമ്മാണത്തുടർച്ച ഉറപ്പാക്കാൻ നിലവിലുള്ള സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാശ്രിത ജനതയുടെ ക്ഷേമത്തിനായി നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി പുതുതായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## കാട്ടാന ആക്രമണങ്ങൾ

*221 **ശ്രീ. കെ. ജയന്ത്**

**ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീമതി ഉഷ വിജയൻ**

**ശ്രീ. ടി .ഒ. മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാന ആക്രമണത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും എണ്ണം എത്ര; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ; ജനവാസ മേഖലകളിലേക്ക് കാട്ടാനകൾ ഇറങ്ങുന്നത് തടയുന്നതിനായി സ്ഥാപിച്ച ആന പ്രതിരോധ വേലികളുടെ ആകെ നീളം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) വനാതിർത്തിയോട് ചേർന്നുള്ള ജനവാസ മേഖലകളിൽ സൗരോർജ വേലി, ആനക്കിടങ്ങ്, ജൈവവേലി തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ എത്ര സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) വന്യജീവികളുടെ സഞ്ചാരപാതകൾ തിരിച്ചറിയുന്നതിനായി വനം വകുപ്പ് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തിയ സഞ്ചാരപാതകളുടെ ജില്ല തിരിച്ചുള്ള പട്ടിക നൽകുമോ; വന്യജീവി ആക്രമണങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുമായി നിലവിൽ ഏതെങ്കിലും സാങ്കേതിക സംവിധാനം ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

*222 **ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. ഫൈസൽ ബാബു**

**ശ്രീ. പി. കെ. നവാസ്**

**ശ്രീ. ടി. പി. അഷ്റഫലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ ഗുണനിലവാര പരിശോധനയ്ക്ക് പര്യാപ്തമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**(ബി)** ജലവിതരണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>കാട്ടുമൃഗങ്ങൾ ജനവാസമേഖലയിൽ എത്തുന്നത് തടയാൻ നടപടി</u>**

***223** **ശ്രീ. തോമസ് ഉണ്ണിയാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവർക്കും നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**(ബി)** കാട്ടുമൃഗങ്ങൾ ജനവാസമേഖലയിൽ <u>എത്തുന്നതു</u> തടയുവാൻ വിവിധ രാജ്യങ്ങൾ ശാസ്ത്രീയമായി ചെയ്തിട്ടുള്ള ഒട്ടനവധി സംവിധാനങ്ങൾ സംസ്ഥാനത്തെ വനമേഖലയിലെ ജനവാസ മേഖലയോട് ചേർന്ന് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>നദികളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ</u>

***224** **ശ്രീ. സുമേഷ് അച്യുതൻ**

**ശ്രീ. വി. പി. സജീന്ദ്രൻ**

**ശ്രീ. മനോജ് മൂത്തേടൻ**

**ശ്രീ. ജ്യോതികുമാർ ചാമക്കാല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** നദികളിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും ജലാശയങ്ങളിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ

എത്തുന്നത് തടയുന്നതിനും സ്ഥിരമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** നദികളിൽനിന്ന് നീക്കംചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി തരംതിരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനും സുരക്ഷിതമായി സംസ്കരിക്കുന്നതിനും സംവിധാനങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(സി)** നദികളിലെ പ്ലാസ്റ്റിക് മലിനീകരണം തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവയെ ഏകോപിപ്പിച്ച് സമഗ്രമായ പ്രവർത്തനപദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം</u>**

***225** **ശ്രീ. ദീപക് ജോയ്**
**ശ്രീ. വി. ടി. ബൽറാം**
**ശ്രീമതി വിദ്യാ ബാലകൃഷ്ണൻ**
**ശ്രീ. മുഹമ്മദ് ഷിയാസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മനുഷ്യ-വന്യജീവി സംഘർഷത്തിൽ കൃഷി നാശത്തിനുള്ള പരമാവധി നഷ്ട പരിഹാരം നിലവിലുള്ള ഒരു ലക്ഷം രൂപയിൽ നിന്ന് മൂന്ന് ലക്ഷമാക്കി വർദ്ധിപ്പിക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

**(ബി)** വന്യമൃഗങ്ങൾ നശിപ്പിക്കുന്ന തേങ്ങ, കരിക്ക്, അടയ്ക്ക, കൊക്കോ തുടങ്ങിയവയ്ക്കും നഷ്ടപരിഹാരം നൽകാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

**(സി)** നിലവിലെ ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ഇവയിൽ പലതിനും അപേക്ഷ നൽകാൻ കഴിയാത്ത സാഹചര്യം പരിഹരിക്കാൻ പദ്ധതിയുണ്ടോ; ഇരുപത്തിയൊന്നു വിളകൾ നഷ്ടപരിഹാരപ്പട്ടികയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ?

**<u>മാതൃജ്യോതി പദ്ധതി</u>**

*226 **ശ്രീ. എഫ്. രാജ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിചരിക്കുന്നതിനായി ധനസഹായം നൽകുന്ന മാതൃജ്യോതി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) അർഹരായ ഭിന്നശേഷിക്കാരായ എല്ലാ അമ്മമാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ബോധവൽക്കരണവും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഗുണഭോക്താക്കൾക്ക് അപേക്ഷാ നടപടികൾ ലളിതമാക്കുന്നതിനും ധനസഹായ വിതരണം തടസ്സമില്ലാതെ ഉറപ്പാക്കുന്നതിനും പദ്ധതി സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും പദ്ധതി കൂടുതൽ ഫലപ്രദമാക്കാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>എൽ നിനോ പ്രതിഭാസം</u>

*227 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. സജി ചെറിയാൻ**
**ശ്രീ. സി. കെ. ഹരീന്ദ്രൻ**
**ശ്രീ. കാരായി രാജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ നിനോ പ്രതിഭാസം മൂലം കേരള തീരത്ത് മത്സ്യ ലഭ്യതയിൽ വൻ കുറവ് ഉണ്ടാകുന്നതായ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യലഭ്യതയുടെ കുറവ് കണക്കിലെടുത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

<u>വനം വകുപ്പിന്റെ ഡിജിറ്റൽ സംവിധാനങ്ങളും പദ്ധതികളും</u>

***228 ശ്രീ. കാരായി രാജൻ**

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**

**ശ്രീ. സി. കെ. ഹരീന്ദ്രൻ**

**ശ്രീ. കെ. വി. സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പാമ്പുകടിയേറ്റുള്ള മരണങ്ങൾ ഇല്ലാതാക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ സർപ്പ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നിലവിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**(ബി)** വന്യജീവികളുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി മുൻ സർക്കാർ കൊണ്ടുവന്ന എം.സ്ട്രൈപ്സ് (M-STRIPS), ഹോസ്റ്റൈൽ ആക്റ്റിവിറ്റി വാച്ച് കേർണൽ (HAWK) എന്നീ ആപ്ലിക്കേഷനുകളുടെ നിലവിലെ പ്രവർത്തനക്ഷമത വിശദമാക്കാമോ;

**(സി)** നിലവിലുള്ള സംവിധാനങ്ങൾ നിലനിർത്തുന്നതിനപ്പുറം, കഴിഞ്ഞ അഞ്ച് മാസത്തിനിടെ വനം വകുപ്പിന്റെ സാങ്കേതിക നവീകരണത്തിനായി സർക്കാർ സ്വീകരിച്ച പുതിയ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**(ഡി)** വന്യജീവി സംഘർഷം നിലനിൽക്കുന്ന 171 പഞ്ചായത്തുകളിലായി മുൻ സർക്കാർ രൂപീകരിച്ച 420 സന്നദ്ധ പ്രാഥമിക പ്രതികരണ സേനകൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതിൽ നിലവിലെ സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ</u>

***229 ശ്രീ. വിനു ജോബ് കുഴിമണ്ണിൽ**

**ശ്രീ. അപു ജോൺ ജോസഫ്**

**ശ്രീ. ഷിബു തെക്കുംപുറം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കിടയിൽ വിദ്യാഭ്യാസത്തിന്റെ ഗുണപരമായ വ്യാപനം ലക്ഷ്യമിട്ട് ഡിജിറ്റൽ പഠന സംരംഭങ്ങൾ, വിദ്യാഭ്യാസ സഹായ പദ്ധതികൾ, മാതാപിതാക്കൾക്കായുള്ള ബോധവൽകരണ-പ്രചോദനാത്മക പരിപാടികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; അറിയിക്കാമോ;

**(ബി)** സ്മാർട്ട് ക്ലാസ് മുറികൾ, പോഷകാഹാര പദ്ധതികൾ, അഭിരുചി വികസന സംരംഭങ്ങൾ, മത്സരപരീക്ഷകളിൽ മികവ് പുലർത്താനുതകുന്ന പ്രത്യേക പരിശീലനം എന്നിവയിലൂടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ ശാക്തീകരിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**(സി)** പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പുതുതലമുറ കോഴ്സുകളും ഡിജിറ്റൽ പഠന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന്റെ പുരോഗതി അറിയിക്കാമോ?

**<u>ജലജീവൻ മിഷൻ പദ്ധതി</u>**

***230 ശ്രീ. സജീവ് ജോസഫ്**
**ശ്രീ. പഴകുളം മധു**
**ശ്രീ. റോയി. കെ. പൗലോസ്**
**ശ്രീ. റോണി. കെ. ബേബി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** 2020-ൽ ആരംഭിച്ച ജലജീവൻ മിഷൻ പദ്ധതികളുടെ നടത്തിപ്പിനായി നബാർഡ് മുഖേന ₹9,000 കോടി രൂപയുടെ വായ്പ എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വായ്പയുടെ വിനിയോഗം, നിലവിലെ സാമ്പത്തിക ബാധ്യത, ഇതുവരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

**(ബി)** ജലജീവൻ മിഷൻ പദ്ധതികളുടെ നടത്തിപ്പിൽ നേരത്തേ ടെൻഡർ നടപടികൾ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് ലെറ്റർ ഓഫ് അക്സപ്റ്റൻസ് (എൽ.ഒ.എ.) അനുവദിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള തടസ്സങ്ങൾ

എന്തെല്ലാമാണെന്നും പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(സി) നാഷണൽ ജലജീവൻ മിഷൻ ഡയറക്ടറുടെ അധ്യക്ഷതയിൽ 2026 ഒക്ടോബർ 12-ന് നടന്ന യോഗത്തിൽ, നേരത്തേ ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ശേഷിക്കുന്ന പ്രവർത്തനങ്ങൾക്ക് എൽ.ഒ.എ. അനുവദിക്കുന്നതിന് തടസ്സമില്ലെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പ്രവൃത്തികൾക്ക് എൽ.ഒ.എ. (ലെറ്റർ ഓഫ് അക്സപ്റ്റൻസ്)അനുവദിക്കുന്നതിനും പ്രവൃത്തികൾ ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

<u>വിഴിഞ്ഞം മത്സ്യബന്ധന ഹാർബർ</u>

*231 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടോണി ചമ്മണി**
**ശ്രീ. വി. എസ്. ജോയി**
**ശ്രീ. കെ. നീലകണ്ഠൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മത്സ്യബന്ധന മേഖലയിൽ 500 കോടിയുടെ നിക്ഷേപം നടത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിലെ വിഴിഞ്ഞം മീൻപിടുത്ത ഹാർബർ 90 കോടി രൂപ ചെലവിൽ നവീകരിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) 260 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന വിഴിഞ്ഞത്തെ പുതിയ മീൻപിടുത്ത ഹാർബറുമായി ബന്ധപ്പെട്ട് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ</u>

*232 **ശ്രീ. പി .എം. എ. സമീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട തൊഴിൽരഹിതരുടെ എണ്ണം കൂടിവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

**(ബി)** എങ്കിൽ ഇവർക്ക് സംസ്ഥാനത്തിനകത്തും വിദേശരാജ്യങ്ങളിലും തൊഴിൽ നേടുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

**(സി)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

<u>**പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തത**</u>

***233 ശ്രീ. എം. റഹ്മത്തുള്ള**

**ശ്രീമതി ഫാത്തിമ തഹിലിയ**

**ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. പാറക്കൽ അബ്ദുല്ല** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയും തൊഴിലും ഉറപ്പുവരുത്തുന്നതിനായി പ്രത്യേക സ്വയംതൊഴിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**(ബി)** പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ; എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

**(സി)** പ്രസ്തുത പദ്ധതിയിലൂടെ പരമാവധി എത്ര ലക്ഷം രൂപയാണ് ധനസഹായമായി നൽകാൻ ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

<u>**പട്ടികജാതി വിഭാഗക്കാർക്ക് ബാങ്ക് വായ്പകൾക്കുള്ള സബ്സിഡി**</u>

***234 ശ്രീ. ആര്യാടൻ ഷൗക്കത്ത്**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. എഫ്. രാജ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** വ്യക്തിഗത ബാങ്ക് വായ്പകളിലൂടെ പട്ടികജാതി വിഭാഗങ്ങളുടെ സ്വയംതൊഴിലും ചെറുകിട സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി മൂന്ന് ലക്ഷം രൂപ വരെയുള്ള വായ്പാത്തുകയുടെ മൂന്നിലൊന്ന് സബ്സിഡിയായി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷകർ പാലിക്കേണ്ട യോഗ്യതകളും സമർപ്പിക്കേണ്ട രേഖകളും എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

**(സി)** ഓരോ ഗുണഭോക്താവിനും പരമാവധി എത്ര രൂപ സബ്സിഡിയായി ലഭിക്കും; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>ശ്രവണസഹായ ഉപകരണങ്ങൾ</u>

***235 ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എം. എ. റസാഖ് മാസ്റ്റർ**
**ശ്രീ. പി. കെ. ഫിറോസ്**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ലിംബ്സ് മാനുഫാക്ചറിങ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, കെൽട്രോൺ തുടങ്ങിയ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന ശ്രവണസഹായികൾ കുട്ടികളുടെ കേൾവിക്കുറവിന്റെ തോതിന് (40%, 60%, 90%, 100%) അനുസരിച്ചുള്ള പവറിലുള്ളവയല്ലെന്നും ഇത് കുട്ടികളുടെ സംസാരശേഷിയെയും

ആശയവിനിമയ ശേഷിയെയും പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** വലിയ തുക ചെലവഴിച്ച് വാങ്ങേണ്ടിവരുന്ന ശ്രവണസഹായികളുടെ വാറന്റി കാലയളവിനും സർവീസിങ്ങിനുമായി വരുന്ന അമിത ചെലവുകൾ മൂലം നിർധനരായ രക്ഷിതാക്കൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രത്യേക ഫണ്ടോ ആനുകൂല്യങ്ങളോ അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ;

**(സി)** കേൾവി പരിമിതിയുള്ള കുട്ടികൾക്ക് നിലവിൽ നൽകിവരുന്ന സ്കോളർഷിപ്പ് തുക വർധിപ്പിക്കുന്നതിനും അവരുടെ സ്പീച്ച് തെറാപ്പി പരിശീലനച്ചെലവുകൾക്ക് ധനസഹായം നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**(ഡി)** കേൾവിപരിമിതിയുള്ള കുട്ടികളെയും നിരാമയ ഇൻഷ്വറൻസ് പോലുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളുടെ പരിരക്ഷയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി</u>**

***236** **ശ്രീ. എം. വിജിൻ**
**ശ്രീ. വി. കെ. സനോജ്**
**ശ്രീ. എം. എസ്. അരുൺ കുമാർ**
**ശ്രീ. കെ. കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും നിലവിൽ സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**(ബി)** പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കേണ്ടത്;

**(സി)** മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആർക്കൊക്കെയാണ് അംഗങ്ങളാകാൻ കഴിയുക; അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ സർക്കാർ നൽകേണ്ട ആനുകൂല്യങ്ങളിൽ നിലവിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ?

## ഇ-ഗ്രാന്റ്സ്

*237 **ശ്രീ. മുഹമ്മദ് മുഹസിൻ**
**ശ്രീ. കെ. രാജൻ**
**ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ**
**ശ്രീ. സി. അജയപ്രസാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയിൽ നിർണായകമായ മുന്നേറ്റം കൈവരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും വിദ്യാഭ്യാസാനുകൂല്യങ്ങളും മുടക്കം കൂടാതെ വിതരണം ചെയ്തിരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി മുൻ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ തുടരുമോ; വ്യക്തമാക്കാമോ;

(ഡി) 2026-27 അധ്യയന വർഷത്തിലെ ഇ-ഗ്രാന്റ്സ് കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## ഭിന്നശേഷിക്കാർക്കായുള്ള റെസ്പൈറ്റ് ഹോം പദ്ധതി

*238 **ശ്രീ. സെബാസ്റ്റ്യൻ. എം. ജെ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. നാട്ടകം സുരേഷ്**
**ശ്രീ. അബിൻ വർക്കി കോടിയാട്ട്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായ പരിചരണവും താൽക്കാലിക താമസസൗകര്യവും ഉറപ്പാക്കുന്നതിനായി റെസ്‌പൈറ്റ് ഹോം പദ്ധതി ആരംഭിക്കുന്നതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**(ബി)** പ്രസ്തുത പദ്ധതി ഭിന്നശേഷിക്കാരെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്ക് വിശ്രമവും വ്യക്തിപരമായ ആവശ്യങ്ങൾക്കായി സമയം കണ്ടെത്താനുള്ള അവസരവും ലഭ്യമാക്കുന്നതിന് എപ്രകാരമാണ് സഹായകമാകുക; വ്യക്തമാക്കാമോ;

**(സി)** പദ്ധതിയുടെ ഭാഗമായി റെസ്‌പൈറ്റ് ഹോമുകൾ ആരംഭിക്കുന്നതിനും അവിടെ ആവശ്യമായ പരിചരണം, അടിസ്ഥാനസൗകര്യങ്ങൾ, പരിശീലനം ലഭിച്ച ജീവനക്കാർ എന്നിവ ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**(ഡി)** ബൗദ്ധിക, ശാരീരിക, ബഹുവിധ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസൃതമായ പരിചരണവും പുനരധിവാസ പിന്തുണയും ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; പദ്ധതി സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്നതിനും അർഹരായ ഭിന്നശേഷിക്കാർക്ക് വിവേചനരഹിതമായി സേവനം ലഭ്യമാക്കുന്നതിനും സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണം

***239** **ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. പി. എ. മുഹമ്മദ് റിയാസ്**
**ശ്രീ. കെ. വി. സുമേഷ്**
**പ്രൊഫ. സി. രവീന്ദ്രനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

**(എ)** സംസ്ഥാനത്ത് വന്യജീവി ആക്രമണം മൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**(ബി)** വനം-വന്യജീവി സംരക്ഷണ നിയമ ഭേദഗതി ബിൽ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

വ്യക്തമാക്കാമോ;

(സി) 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ കർഷകരുടെ അവകാശങ്ങൾ കൂടി സംരക്ഷിക്കുന്നതിന് സമ്മർദ്ദം ചെലുത്തുമോ?

## വനത്തിനുള്ളിൽ 'വർക്കേഷൻ' സൗകര്യം

*240 **ശ്രീ. രാജൻ. ജെ. പല്ലൻ**

**ശ്രീ. ചാണ്ടി ഉമ്മൻ**

**ശ്രീ. സുധീർഷാ പാലോട്**

**ശ്രീ. കെ. ബിനിമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫീസിലെ തിരക്കുകളിൽ നിന്നും മാറി കൊടുംകാടിനുള്ളിൽ താമസിച്ച് വർക്കേഷൻ സൗകര്യം ഒരുക്കാൻ വനം വികസന കോർപ്പറേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രസ്തുത വർക്കേഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ജോലി ചെയ്യാൻ ആവശ്യമായ സൗകര്യങ്ങൾ, ഇന്റർനെറ്റ്, ഭക്ഷണം എല്ലാം ഉൾപ്പെടുന്നതാണോ പാക്കേജ് എന്നും പാക്കേജുകളുടെ നിരക്ക് എത്രയെന്നും വിശദമാക്കുമോ?

കേരളനിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2026 ഒക്ടോബർ 19, തിങ്കൾ

**ഷാജി സി ബേബി**
സെക്രട്ടറി ഇൻചാർജ്

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].